**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** — **03-03-2025 - ൽ മറുപടിയ്ക്ക്**

**മദ്യ നിർമ്മാണ യൂണിറ്റ് അനുവദിക്കാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യ നിർമ്മാണ യൂണിറ്റ് അനുവദിക്കാനുള്ള തീരുമാനം മദ്യനയത്തിൽ ഉൾപ്പെടുത്തിയത് എന്നാണെന്ന് അറിയിക്കുമോ; | (എ) | 2023-24 വർഷത്തെ മദ്യനയത്തിലാണ് സംസ്ഥാനത്ത് മദ്യ ഉല്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നല്കുവാനും, ആയതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നല്കുവാനും തീരുമാനം എടുത്തത്. |
| (ബി) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി മദ്യനിർമാണ യൂണിറ്റ് തുടങ്ങാൻ ഒയാസിസ് കമ്പനിയെ സർക്കാർ ക്ഷണിച്ചതാണെന്ന് കമ്പനി ജല അതോറിറ്റിക്ക് നൽകിയ കത്തിൽ പരാമർശിച്ചത് എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ പ്രസ്തുത കമ്പനിയെ ക്ഷണിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ